**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **23-02-2022 - ൽ മറുപടിയ്ക്ക്**

**മുക്കൂട്ടുതറ കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ ഏറ്റവും വലിയ ഇലക്ട്രിക്കൽ സെക്ഷനായ എരുമേലി സെക്ഷൻ വിഭജിച്ച് മുക്കൂട്ടുതറ കേന്ദ്രമാക്കി പുതിയ സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വർദ്ധിച്ച വൈദ്യുതി ആവശ്യങ്ങളും കോട്ടയം, പത്തനംതിട്ട എന്നീ രണ്ടു ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നതും പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസ് വിഭജിച്ച് മുക്കൂട്ടുതറ കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ